**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 242** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഫയൽ കാണാതായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആശുപത്രികൾക്ക് മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിന് ഉള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ; | (എ) | **സർക്കാർ ആശുപത്രികളിലൂടെ വിതരണം നടത്തുന്ന സൗജന്യ ജനറിക് മരുന്നുകളുടെ സംഭരണം സംബന്ധിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1. ആരോഗ്യവകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ, മരുന്നു സംഭരണ-വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ ഡി.ഡി.എം.എസ് (ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം) മുഖേന ബന്ധപ്പെട്ട മേലധികാരികൾക്ക് സമർപ്പിക്കേണ്ടതും ആയത് ബന്ധപ്പെട്ട മേലധികാരികൾ സാക്ഷ്യപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭ്യമാക്കേണ്ടതുമാണ്.<br><br>2. ഇത്തരത്തിൽ ലഭിക്കുന്ന മരുന്നുകളുടെ വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ദേശീയ തലത്തിൽ മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ ക്ഷണിക്കുന്നു.<br><br>3. കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇ-ടെണ്ടർ പോർട്ടൽ മുഖേന ഓൺലൈനായി ലഭിക്കുന്ന സാങ്കേതിക ബിഡിന്റെ സൂക്ഷ്മപരിശോധന നടത്തുന്നത് സംസ്ഥാന ഡ്രഗ്സ് കൺട്രോളറും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയും, |

| | | | |
|---|---|---|---|
| | | | ആരോഗ്യവകുപ്പ് ഡയറക്ടറും നിയോഗിക്കുന്ന ഉദ്യോഗസ്ഥരാണ്.<br><br>4. സാങ്കേതിക ബിഡ് പരിശോധനയിൽ യോഗ്യത നേടുന്ന കമ്പനികളുടെ പ്രൈസ് ബിഡുകൾ തുറന്നു പരിശോധിച്ച് അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന കമ്പനികൾക്കാണ് വിതരണോത്തരവുകൾ നൽകി മരുന്നുകൾ സംഭരിക്കുന്നത്.<br><br>**ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികൾക്ക് ആവശ്യമുള്ള ഉപകരണങ്ങളും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലുള്ള ആശുപത്രികൾക്ക് ആവശ്യമുള്ള 5 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള ഉപകരണങ്ങളും, ദേശീയ ആരോഗ്യ ദൗത്യം, എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വാങ്ങി വിതരണം ചെയ്യേണ്ട ഉപകരണങ്ങളും കെ.എം.എസ്.സി.എൽ നിലവിലുള്ള മാനദണ്ഡപ്രകാരം ദർഘാസ്/ക്വട്ടേഷൻ മുഖാന്തിരം വാങ്ങി വിതരണം ചെയ്യുന്നുണ്ട്.** |
| (ബി) | ആരോഗ്യ വകുപ്പിൽ കോവിഡിന്റെ മറവിൽ പർച്ചേസുമായി ബന്ധപ്പെട്ട് കോടികളുടെ അഴിമതി നടന്നു എന്ന ആരോപണം സംബന്ധിച്ച ഫയലുകൾ കാണാതായ സംഭവം അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **ആരോഗ്യ വകുപ്പിൽ നിന്ന് കോവിഡുമായി ബന്ധപ്പെട്ട പർച്ചേസ് ഫയലുകൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ